**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2480** **27-02-2023 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സംരംഭകരെ സഹായിക്കുവാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ എത്ര സ്ത്രീ സംരംഭകർ വ്യവസായ മേഖലയിലേക്ക് കടന്നു വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ വ്യവസായ ജാലകം പോർട്ടലിലെ കണക്കുകൾ പ്രകാരം മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് 12571 സ്ത്രീ സംരംഭകർ വ്യവസായ മേഖലയിലേക്ക് കടന്നു വന്നിട്ടുണ്ട്. വ്യവസായ ജാലകം പോർട്ടലിലെയും സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പോർട്ടലിലെയും കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തുടനീളം ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളിൽ 44570 സംരംഭങ്ങൾ വനിതാ സംരംഭകർ നേതൃത്വം നൽകുന്നവയാണ്.<br><br>കൂടാതെ മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ കെ.എസ്.ഐ.ഡി.സി- യുടെ വനിതാ സംരംഭക പദ്ധതി മുഖേന നാളിതുവരെ 27 സ്ത്രീ കേന്ദ്രീകൃത സ്ഥാപനങ്ങൾ വ്യവസായ മേഖലകളിലേക്ക് കടന്ന് വരികയും അവർക്ക് സാമ്പത്തിക സഹായം അനുവദിക്കുകയും ഉണ്ടായി. |
| (ബി) | സ്ത്രീ സംരംഭകരെ സഹായിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | വനിതാ സംരംഭകരെ സഹായിക്കുന്നതിനു മാത്രമായി പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ വകുപ്പ് വഴി നടപ്പിലാക്കുന്ന താഴെപ്പറയുന്ന വിവിധ പദ്ധതികളിൽ വനിതാ സംരംഭകർക്ക് പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ട്.<br><br>**സംരംഭക സഹായ പദ്ധതി (ESS)**<br><br>വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നു. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾ ആരംഭിക്കുന്ന ജനറൽ വിഭാഗത്തിന് സ്ഥിര നിക്ഷേപത്തിന്റെ 15% പരമാവധി 30ലക്ഷം |

രൂപ വരെ ധനസഹായം നൽകുന്നു. എന്നാൽ **വനിതാ സംരംഭകരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% സബ്സിഡി അധികമായി നൽകുന്നു.** ആയത് പ്രകാരം സ്ഥിരം മൂലധനം നിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷം രൂപ വരെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വനിതാ സംരംഭകർക്ക് നൽകുന്നു.

**<u>ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്പദ്ധതി</u>**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ട്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്.

ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. എന്നാൽ **വനിത സംരംഭകർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.**

**<u>നാനോ ഗാർഹിക സംരംഭകർക്കുളള പലിശ സബ്സിഡി പദ്ധതി</u>**

10 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക സേവന ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്, ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. പദ്ധതി പ്രകാരം സ്ഥാപനം

ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥിരം നിക്ഷേപ വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. എന്നാൽ **വനിതാ സംരംഭകർക്ക് ഇത് 8% വരെ ലഭിക്കുന്നു**. മൂന്ന് വർഷത്തേക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്.

**<u>ഒരു കുടുംബം, ഒരു സംരംഭം പദ്ധതി</u>**

ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 % - ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി സർക്കാർ നൽകുന്നു. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതി വഴി പലിശയിളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിരം മൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്.

കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും അവരുടെ വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി. സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. നാളിതുവരെ കെ.എസ്.ഐ.ഡി.സി -യിൽ ലഭിച്ച നിരവധി അപേക്ഷകളിൽ നിന്ന് 27 സ്ത്രീ കേന്ദ്രീകൃത സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ